## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4389** **18-03-2025 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രസരണ രംഗത്തെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രസരണ രംഗത്തെ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി കാസർഗോഡ് ട്രാൻസ്മിഷൻ ഡിവിഷന് എ.ആർ.യു. പദവി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ട്രാൻസ്മിഷൻ സർക്കിളിൽ കൈകാര്യം ചെയ്യുന്ന ചില വിഷയങ്ങൾ കാസർഗോഡ് ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിൽ കൈമാറുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിലെ മൈലാട്ടി-വിദ്യാനഗർ മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് (എം.സി.എം.വി) ലൈൻ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | 110 kV വിദ്യാനഗർ മൈലാട്ടി ഒറ്റ ഫീഡറിന്റെ ശേഷി ഉയർത്തി 110/220 kV ഇരട്ട ഫീഡർ ആക്കി മാറ്റുന്ന പദ്ധതി 2025 ഡിസംബർ 31-നകം പൂർത്തീകരിക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (സി) | 2025-ലെ വേനൽക്കാലത്ത് കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലകളിൽ ലോഡ് വർദ്ധിക്കുമ്പോൾ ലോഡ് ഷെഡിംഗ് ഇല്ലാതെ വൈദ്യുതി നൽകുന്നതിനായി പ്രസരണ രംഗത്ത് എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 2025-ലെ വേനൽക്കാലത്ത് കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലകളിൽ ലോഡ് വർദ്ധിക്കുമ്പോൾ ലോഡ് ഷെഡിംഗ് ഇല്ലാതെ വൈദ്യുതി നൽകുന്നതിനായി പ്രസരണ രംഗത്ത് നടത്തിയ പ്രവൃത്തികൾ താഴെ പറയുന്നു.<br>1. കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിലെ 33 കെ.വി. ബസ് റീ-അറേഞ്ച്മെന്റ് വർക്ക് നടന്നു വരുന്നു.<br>2. 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിലെ ഒരു ഭാഗം ലോഡ് 33 കെ.വി. വെസ്റ്റ് എളേരി, 220 കെ.വി. അമ്പലത്തറ സബ്സ്റ്റേഷനുകളിലേക്ക് മാറ്റി.<br>3. കർണാടകയിൽ നിന്നും ലഭ്യമായിക്കൊണ്ടിരുന്ന 30 മെഗാവാട്ട് വൈദ്യുതി 03-12-2024 മുതൽ 50 മെഗാവാട്ട് ആയി ഉയർത്തിയിട്ടുണ്ട്. |
| (ഡി) | കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം 85 ശതമാനവും ലൈൻ വർക്ക് 43 ശതമാനവും പൂർത്തിയായി. 2025 ഓഗസ്റ്റ് മാസത്തിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ